# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.09.2025**

### പ്രധാനവാർത്തകൾ

1) ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്; കോഴിക്കോട് ഒരാളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

3) ഡെറാഡൂണിൽ അന്തരിച്ച മലയാളി സൈനികൻ തിരുവനന്തപുരം സ്വദേശി എസ് ബാലുവിന് വിട നൽകി ജന്മനാട്.

4) പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും.

5) സംസ്ഥാനത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച അർബൻ കോൺക്ലേവിന് ഇന്ന് സമാപനം.

6) ഹോങ്കോംഗ് ഓപ്പൺ ബാഡ്മിന്റണിൽ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ.

******************************************

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വടക്കുകിഴക്കൻ മേഖല രാജ്യത്തിന്റെ വളർച്ചാ എഞ്ചിനായി മാറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. മിസോറാമിലെ ഐെസ്വാളിൽ തൊള്ളായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ വിർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാരിൻറെ വടക്കു കിഴക്കൻ നയത്തിലും വടക്കുകിഴക്കൻ സാമ്പത്തിക ഇടനാഴിയിലും മിസോറാമിന് സുപ്രധാന പങ്കുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ബൈറ്റ് - നരേന്ദ്ര മോദി)

മണിപ്പൂരിൽ 8,500 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളും ശ്രീ മോദി അല്പസമയത്തിനകം നാടിന് സമർപ്പിക്കും. പ്രധാനമന്ത്രി ഇന്ന് അസമും സന്ദർശിക്കും.

RNU TVPM

***********************************

## നേപ്പാൾ പ്രധാനമന്ത്രി

നേപ്പാളിൽ ഇടക്കാല പ്രധാനമന്ത്രിയായി
അധികാരമേറ്റ മുൻ ചീഫ് ജസ്റ്റിസ് സുശീലാ കർക്കിക്ക്
പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. നേപ്പാളിലെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് കർക്കി. അതേസമയം നേപ്പാളിൽ കുടുങ്ങിയ മലയാളികളുടെ സംഘം ഇന്ത്യയിലേക്ക് തിരിച്ചു. ബാംഗ്ലൂർ വഴിയാണ്

ഇവർ നാട്ടിലെത്തുക.

***********************************

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് മറ്റന്നാൾ തുടക്കമാകും. ഒക്ടോബർ 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.

******************************

## അർബൺ കോൺക്ലേവ്

സംസ്ഥാനത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനായി ഇന്നലെ കൊച്ചിയിൽ ആരംഭിച്ച രണ്ട് ദിവസത്തെ അർബൻ കോൺക്ലേവിന് ഇന്ന് സമാപനമാകും. ഇന്ന് നടക്കുന്ന മേയർമാരുടെ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും. സമാപനസമ്മേളനത്തിൽ ഐക്യ രാഷ്ട്രസഭയുടെ ഇന്ത്യ റെസിഡൻറ് കോഓർഡിനേറ്റർ ഷോംബി ഷാർപ്പ് മുഖ്യാതിഥിയാകും. സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

RNU TVPM

******************************

## അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)

കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ച പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി. മലപ്പുറം അരീക്കോട് സ്വദേശി പത്ത് വയസുള്ള കുട്ടിക്കാണ് പുതുതായി രോഗബാധ റിപ്പോർട്ട് ചെയ്തത്. ആകെ 11 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു.........
(വോയിസ്)

******************************

## സൈനികൻ - സംസ്കാരം

ഡെറാഡൂണിലെ ഇന്ത്യൻ സൈനിക അക്കാദമിയിലെ പരിശീലനത്തിനിടെ ജീവൻ നഷ്ടമായ തിരുവനന്തപുരം പാപ്പനംകോട് സ്വദേശിയായ ഓഫീസർ കേഡറ്റ് എസ് ബാലുവിൻറെ സംസ്കാരം തൈക്കാട് ശാന്തി കവാടത്തിൽ പൂർണ സൈനിക ബഹുമതികളോടെ നടന്നു. രാവിലെ വസതിയിൽ പൊതു ദർശനത്തിന് വച്ച ഭൗതിക ദേഹത്തിൽ മന്ത്രി വി ശിവൻകുട്ടി ഉൾപ്പെടെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. ഇന്നലെ തിരുവനന്തപുരത്തെത്തിച്ച ഭൗതിക ദേഹം പാങ്ങോട് മിലിട്ടറി സ്റ്റേഷനിലെ മുതിർന്ന ഉദ്യോഗസ്ഥരും സംസ്ഥാന സർക്കാർ പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി.

RNU TVPM

******************************

## തെലങ്കാന സർവെ സംഘം

തെലങ്കാനയിലെ നാഷണൽ സർവെ റവന്യൂ ഉദ്യോഗസ്ഥരും ഇൻഫോർമാറ്റിക്സ് സെൻറർ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന സംഘം രണ്ടു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തിരുവനന്തപുരത്ത് എത്തിച്ചേരും. കേരളത്തിൽ നടപ്പാക്കിവരുന്ന രാജ്യത്തെ ആദ്യ സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ എൻറെ ഭൂമി സംയോജിത പോർട്ടലിനെ കുറിച്ച് പഠിക്കുന്നതിനായാണ് സംഘം എത്തുന്നത്.

******************************

## ആദായ നികുതി റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാൻ മറ്റന്നാൾ വരെ അവസരം. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*******************************

## ജി.എസ്.ടി - കേന്ദ്ര സർക്കാർ

ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ജിഎസ്.ടി യിൽ നിന്ന് ഒഴിവാക്കിയത് ആരോഗ്യ മേഖലയെ കൂടുതൽ ജനകീയമാക്കുമെന്ന് കേന്ദ്ര സർക്കാർ. ആരോഗ്യ ചിലവുകളെ ദൈനദിന ചെലവുകളിൽ നിന്ന് ഒഴിവാക്കാൻ ഇത് സഹായകമാകുമെന്നും കേന്ദ്രം വ്യക്തമാക്കി. സാധാരണക്കാരുടെ ജീവിതത്തിലെ ചെലവ് ചുരുക്കുന്നതിന് സഹായിക്കുന്ന തരത്തിൽ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിരക്കുകളിൽ കുറവ് വരുത്തിയതായും സർക്കാർ അറിയിച്ചു.

RNU TVPM

*******************************

## നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*******************************

## പാലക്കാട് -പുരസ്കാരം (ഇൻട്രോ)

ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനത്തിന് ലഭിച്ച പുരസ്കാര നിറവിലാണ് പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്. 2023-24 വർഷത്തെ ആർദ്രകേരളം പുരസ്കാരത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനമാണ് വെള്ളിനേഴിക്ക് ലഭിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്......

***********************************

## പ്രഥമ ശുശ്രൂഷ ദിനം

ഇന്ന് ലോക പ്രഥമശുശ്രൂഷാ ദിനം. ജീവൻ രക്ഷിക്കുന്നതിൽ പ്രഥമശുശ്രൂഷയുടെ പങ്കിനെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്, എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ രണ്ടാം ശനിയാഴ്ച ലോക പ്രഥമശുശ്രൂഷാ ദിനമായി ആചരിക്കുന്നത്. "പ്രഥമശുശ്രൂഷയും കാലാവസ്ഥാ വ്യതിയാനവും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

RNUTVPM

***********************************

## ദേശീയ നൃത്തോത്സവം - ത്രിഭംഗി

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ നൃത്തോത്സവം - ത്രിഭംഗി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഇന്ന് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. സംഗീതനാടക അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷത വഹിക്കും. മൂന്ന് മേഖലകളിലായുള്ള നൃത്തോത്സവത്തിന്റെ ഉത്തരമേഖല തല പരിപാടിയാണ് കണ്ണൂരിൽ നടക്കുന്നത്.

*************************************

## <u>സാഹിത്യോൽസവം (ഇൻട്രോ)</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ഭാഷയിലും സാഹിത്യത്തിലുമുള്ള താൽപര്യം വർധിപ്പിക്കാനായി സംസ്ഥാന വിദ്യാഭ്യാസ സാങ്കേതികവിദ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഈ മാസം 18, 19 തീയതികളിൽ തിരുവനന്തപുരത്ത് സംസ്ഥാനതല സാഹിത്യോൽസവം സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി....**

**(വോയിസ്......**

*************************************

RNU TVPM

## <u>ബാഡ്മിന്റൺ</u>

ഹോങ്കോംഗ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് ജോഡിയായ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ കടന്നു. രാവിലെ നടന്ന സെമിഫൈനലിൽ ചൈനീസ് തായ്പേയി താരങ്ങളെയാണ് പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന പുരുഷ സിംഗിൾസ് സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ചൈനീസ് താരത്തെ നേരിടും.

*************************************

## <u>ഏഷ്യാ കപ്പ്</u>

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്- ശ്രീലങ്കയെ നേരിടും.

ഇന്നലെ നടന്ന ഗ്രൂപ്പ്-എ മത്സരത്തിൽ പാകിസ്ഥാൻ ഒമാനെ 93 റൺസിന് പരാജയപ്പെടുത്തി. നാളെ ഇന്ത്യ പാകിസ്ഥാനെ നേരിടും.

***********************************************

## സ്വർണവില

സ്വർണവില കുറഞ്ഞു. സ്വർണം പവന് 80 രൂപ കുറഞ്ഞ് 81,520 രൂപയും, ഗ്രാമിന് 10,190 രൂപയുമാണ് ഇന്നത്തെ വില.

***********************************************

## ബിൽജിത്ത് ബിജു-അവയവ ദാനം

വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച എറണാകുളം സ്വദേശി ബിൽജിത്ത് ബിജുവിന്റെ അവയവങ്ങൾ ദാനം ചെയ്തു. ഹൃദയം, രണ്ട് വൃക്ക, കരൾ, ചെറുകുടൽ, പാൻക്രിയാസ്, രണ്ട് നേത്രപടലങ്ങൾ എന്നിവയാണ് ദാനം ചെയ്തത്. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള 13 വയസുകാരിയാണ് ഹൃദയം സ്വീകരിക്കുക. തീവ്രദു:ഖത്തിലും അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു.

RNU TVPM

***********************************************

## ഗതാഗത നിയന്ത്രണം- റെയിൽവേ

കൊല്ലം റെയിൽവേ സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായി ഇന്ന് മുതൽ 65 ദിവസത്തേക്ക് ട്രെയിൻ ഗതാഗതത്തിൽ നിയന്ത്രണം. കൊല്ലം റെയിൽവേ സ്റ്റേഷനിലെ പ്രധാന പാതകളിലൂടെ ട്രെയിനുകൾ 20 മിനിറ്റ് വരെ വൈകി ഓടാൻ സാധ്യതയെന്ന്

റെയിൽവേ അറിയിച്ചു. രാവിലെ 10.45 നും 12.15 നും ഇടയിൽ ഒന്നരമണിക്കൂറും രാത്രി 10.30 മുതൽ പുലർച്ചെ 3.30 വരെ അഞ്ച് മണിക്കൂറുമായിരിക്കും നിർമാണ പ്രവർത്തനങ്ങൾ.

*******************************

## ഉന്നതി - സ്കോളർഷിപ്പ്

പട്ടികജാതി- പട്ടികവർഗ വികസന വകുപ്പിന്റെ 2025-26 വർഷത്തെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ തിങ്കളാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വിതരണം ചെയ്യും. ആയിരം വിദ്യാർത്ഥികൾക്ക് വിദേശ പഠനം സാധ്യമാക്കിയതിൻറെ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രിമാരായ ഒ.ആർ കേളു, വി.ശിവൻകുട്ടി എന്നിവർ പങ്കെടുക്കും.

RNUTVPM

*******************************

## പ്രതിഭ പുരസ്കാര വിതരണം

മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആന്റി ഡ്രഗ് ക്യാമ്പയിൻ 2025 പ്രതിഭ പുരസ്കാരം ഇന്ന് മന്ത്രി വി.അബ്ദുറഹിമാൻ വിതരണം ചെയ്യും. വൈകിട്ട് മലപ്പുറത്ത് നടക്കുന്ന പരിപാടിയിൽ മത്സ്യബന്ധന, അനുബന്ധരംഗത്തെ മുതിർന്ന പൗരൻമാർ, കലാ, കായിക, സാംസ്കാരിക, സാഹിത്യ രംഗത്ത് ശ്രദ്ധ നേടിയ പ്രതിഭകൾ തുടങ്ങിയവരെ ആദരിക്കും. 2025 ജൂലൈ വരെയുള്ള ക്ഷേമപദ്ധതി ധനസഹായ അപേക്ഷകൾ തീർപ്പാക്കി ധനസഹായവും വിതരണം ചെയ്യും.

*******************************

## കണ്ണൂർ -അറസ്റ്റ്

കണ്ണൂർ മട്ടന്നൂർ സ്വദേശിയായ ഡോക്ടറിൽ നിന്നും വാട്സ്ആപ്പിലൂടെ നാല് കോടി 43 ലക്ഷത്തിലധികം രൂപ തട്ടിയ കേസിൽ ഒരാൾ അറസ്റ്റിൽ. എറണാകുളം അറക്കപ്പടി സ്വദേശിയായ സൈനുൽ ആബിദിൻ ആണ് പിടിയിലായത്. എറണാകുളത്ത് നിന്നാണ് കണ്ണൂർ സിറ്റി സൈബർ പോലീസ് ഇയാളെ അറസ്റ്റ് ചെയ്തത്.

******************************************

## ജലവിതരണം മുടങ്ങും

കേരള വാട്ടർ അതോറിറ്റിയുടെ പോങ്ങുംമൂട് ജലസംഭരണി വൃത്തിയാക്കുന്ന പണികൾ നടത്തുന്നതിനാൽ, ഈ മാസം 16,17 തീയതികളിൽ ഉള്ളൂർ, പോങ്ങുംമൂട്, പ്രശാന്ത് നഗർ, ഉൾപ്പെടെ തിരുവനന്തപുരം നഗരത്തിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം പൂർണമായും മുടങ്ങും. ഉപഭോക്താക്കൾ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

PNU TVPM

******************************************** *********************************************

******************************************